# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2855 18.06.2019 -ൽ മറുപടിക്ക്**

**മലയോര ഹൈവേയുടെ പ്രവർത്തനങ്ങൾ**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.മോൻസ് ജോസഫ് :** | **ശ്രീ. ജി. സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| (എ) മലയോര ഹൈവേയുടെ പ്രവർത്തനങ്ങൾ ഏതു ഘട്ടം വരെയായി; പ്രസ്തുത പദ്ധതിയ്ക്കായുള്ള ഭൂമി ഏറ്റെടുക്കൽ എത്ര ശതമാനം പൂർത്തിയായി എന്ന് വ്യക്തമാക്കാമോ; | (എ) കാസർഗോഡ് ജില്ലയിലെ നന്ദാരപ്പടവ് മുതൽ തിരുവനന്തപുരം ജില്ലയിലെ പാറശ്ശാല വരെ 1251.04 കി.മീ. നീളത്തിലാണ് മലയോര ഹൈവേ നിർമ്മിക്കുന്നത്. ആലപ്പുഴ ഒഴികെയുള്ള എല്ലാ ജില്ലകളിൽക്കൂടിയും മലയോര ഹൈവേ കടന്നു പോകുന്നുണ്ട്. 2017-18 -ലെ ബഡ്ജറ്റ് പ്രസംഗത്തിൽ മലയോര ഹൈവേ നിർമ്മാണത്തിനു വേണ്ടി 3500 കോടി രൂപ ലഭ്യമാക്കുമെന്ന് പ്രഖ്യാപിച്ചിരുന്നു. അതനുസരിച്ച് സർക്കാർ ഉത്തരവ് G.O.(Rt) No. 942/2017/PWD തീയതി.10.07.2017 പ്രകാരം കിഫ്ബിയിൽ നിന്നും ഫണ്ട് ലഭ്യമാക്കി മലയോര ഹൈവേ നിർമ്മാണം നടത്തുന്നതിന് 3500 കോടി രൂപയ്ക്ക് In Principle Administrative Sanction നൽകിയിട്ടുണ്ട്. ഓരോ ജില്ലയിലൂടെയും കടന്നു പോകുന്ന മലയോര ഹൈവേ ഭാഗം വിവിധ റീച്ചുകളായി തിരിച്ചാണ് മലയോര ഹൈവേയുടെ നിർമ്മാണം നടപ്പിലാക്കുന്നത്. ഇതുവരെ 25 |

റീച്ചുകളുടെ ഡി.പി.ആർ. കിഫ്ബിയിൽ സമർപ്പിച്ചു. (തിരുവനന്തപുരം - 4. കൊല്ലം - 1, ഇടുക്കി - 3, എറണാകുളം - 2, തൃശ്ശൂർ - 1, പാലക്കാട് - 2, മലപ്പുറം - 3, കോഴിക്കോട് - 3, വയനാട് - 2, കാസർഗോഡ് - 4). ഇതിൽ 18 റീച്ചുകളുടെ ഡി.പി.ആർ. കിഫ്ബി അംഗീകരിച്ചു. ഈ 18 റീച്ചുകൾക്കുമായി 1506.24 കോടിരൂപയാണ് അനുവദിച്ചിട്ടുള്ളത്. ഫണ്ട് അനുവദിച്ച റീച്ചുകളുടെ മൊത്തം നീളം 460.599 കി.മീ. ആണ്. തിരുവനന്തപുരം ജില്ലയിലെ 2 പ്രവൃത്തികളും കൊല്ലം ജില്ലയിലെ പ്രവൃത്തിയും കാസർഗോഡ് ജില്ലയിലെ പ്രവൃത്തികളും ഉൾപ്പെടെ 6 പ്രവൃത്തികൾ ആരംഭിച്ചു. മലയോര ഹൈവേ നിർമ്മിക്കുന്നത് 12 മീറ്റർ വീതിയിലാണ്. മലയോര ഹൈവേയ്ക്കു വേണ്ടി ആവശ്യമായ സ്ഥലം ജനപ്രതിനിധികളുടെ സഹായത്തോടെ സൗജന്യമായി ലഭ്യമാക്കി ഹൈവേ നിർമ്മിക്കാനാണ് ലക്ഷ്യമിട്ടിട്ടുണ്ട്. ഓരോ ജില്ലയിലും ഇത്തരത്തിൽ ഭൂമി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(ബി) റോഡ് നിർമ്മാണത്തിന്റെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോ; എങ്കിൽ എത്ര ശതമാനം നിർമ്മാണം പൂർത്തീകരിക്കാൻ കഴിഞ്ഞു എന്നറിയിക്കാമോ;

(ബി) പ്രവൃത്തികളുടെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ച തിരുവനന്തപുരം ജില്ലയിലെ 2 പ്രവൃത്തികളും കൊല്ലം ജില്ലയിലെ 1 പ്രവൃത്തിയും കാസർഗോഡ് ജില്ലയിലെ 3 പ്രവൃത്തികളും ആരംഭിച്ചു. കൊല്ലം ജില്ലയിലെ പ്രവൃത്തി 30 ശതമാനം പൂർത്തീകരിച്ചു. കാസർഗോഡ് ജില്ലയിലെ 3 പ്രവൃത്തികളിൽ 1 പ്രവൃത്തി 30 ശതമാനവും, രണ്ടാമത്തെ പ്രവൃത്തി 15 ശതമാനവും മൂന്നാമത്തെ പ്രവൃത്തി 2 ശതമാനവും പൂർത്തീകരിച്ചു. ഒരു പ്രവൃത്തിയും പൂർണ്ണമായും പൂർത്തീകരിച്ചിട്ടില്ല.

| | | | |
|---|---|---|---|
| (സി) | എത്ര മീറ്റർ വീതിയിലാണ് റോഡ് നിർമ്മിക്കുന്നത്; റോഡിനോട് അനുബന്ധിച്ചുള്ള നിർമ്മാണ പ്രവർത്തനങ്ങൾ എന്തെല്ലാമാണ് എന്ന് വ്യക്തമാക്കാമോ? | (സി) | 12 മീറ്റർ വീതിയിലാണ് മലയോര ഹൈവേ നിർമ്മിക്കുന്നത്. റോഡിന്റെ (ക്യാരേജ് വേ) ഇരുവശത്തും ഫുട്പാത്ത്, ഓടകൾ, ബസ് വെയിറ്റിംഗ് ഷെൽട്ടറുകൾ എന്നിവ നിർമ്മിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ